# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3248

24.06.2013 ൽ മറുപടിയ്ക്ക്

**പിന്നോക്ക വിഭാഗങ്ങളുടെ ബാക്ക്‌ലോഗ് നികത്തുന്നതിന് നടപടി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| (എ) | നരേന്ദ്രൻ കമ്മീഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിൽ പിന്നോക്ക വിഭാഗങ്ങളുടെ ബാക്ക്‌ലോഗ് നികത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കമോ ; | (എ) യും | നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നോക്ക ജനവിഭാഗ ങ്ങളുടെ അവസരങ്ങളും അവകാശങ്ങളും സംരക്ഷിക്കുന്നതിന് 02.02.2006-ലെ സ.ഉ(പി) നം. 8/06/പജപവവിവ പ്രകാരം സർക്കാർ നടപടികൾ സ്വീകരിക്കുകയുണ്ടായി. അതുപ്രകാരം 21.07.2010-ലെ സ.ഉ (എം. എസ്) നം. 83/2010/പജപവവിവ അനുസരിച്ച് സർക്കാർ സർവ്വീസിലേയും പൊതുമേഖലാ സ്ഥാപനങ്ങളിലേയും മറ്റു പിന്നോക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യം വിലയിരുത്തു ന്നതിനായി ബഹു.മുഖ്യമന്ത്രി അദ്ധ്യക്ഷനായി ഒരു ഉന്നതാധികാരസമിതി രൂപീകരിക്കുകയുണ്ടായി. 20.08.2011-ലെ സ.ഉ (എം. എസ്) നം. 85/2011/ പജപവവിവ പ്രകാരം പ്രസ്തുത ഉന്നതാധികാരസമിതി പുന:സംഘടിപ്പിച്ചു. വിവിധ വകുപ്പുകളിൽ നിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും മറ്റ് പിന്നോക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യം സംബന്ധിച്ച വിവരം ശേഖരിച്ച് ഉന്നതാധികാര സമിതിയിൽ വിലയിരുത്തിയ ശേഷം ഏതെങ്കിലും സമുദായങ്ങൾക്ക് ബാക്ക്‌ലോഗ് വന്നിട്ടുണ്ടോ എന്ന് കണ്ടെത്തി ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളു. |
| (ബി) | ഏതെല്ലാം പിന്നോക്ക വിഭാഗങ്ങൾക്കാണ് നിയമനത്തിൽ ബാക്ക്‌ലോഗ് ഉണ്ടായിട്ടുള്ളതെന്നും എത്ര വീതമാണ് ഈ വിഭാഗങ്ങൾക്ക് കുറവ് വന്നതെന്നും അറിയിക്കുമോ ? | (ബി) യും | |

സെക്ഷൻ ഓഫീസർ